ഹദീസ്

നൗഷാദ് ചേനപ്പാടി

# തിന്മയെ വിലക്കാത്തവൻ തിന്മ ചെയ്യുന്നവനെപ്പോലെയാണ്

وَعَنِ الْعُرْسِ ابْنِ عَمِيرَةَ عَنِ النَّبِيِّ صلى الله عليه وسلم قالَ : { إِذَا عُمِلَتْ الخَطِيئَةُ فِي الأَرْضِ كَانَ مَنْ شَهِدَهَا وَكَرِهَهَا - فِي رواية - فَأَنْكَرَهَا كَمَن غَابَ عَنْهَا، وَمَنْ غَابَ عَنْهَا فَرَضِيَهَا كَانَ كَمَنْ شَهِدَهَا } رواه أبو داود

**ഉർസു ബ്നു അമീറ(റ)യിൽനിന്ന്: നബി (സ) പറഞ്ഞു: "ഭൂമിയിൽ ഒരു തെറ്റ് ചെയ്യപ്പെടുന്നു, അതിനൊരാൾ സാക്ഷിയാവുന്നു, അതിനെ വെറുക്കുകയും വിലക്കുകയും ചെയ്യുന്നു; എങ്കിലവൻ ആ തെറ്റിന് സാക്ഷിയാകാത്തവനെപ്പോലെയാണ്. ഇനിയൊരാൾ അതിന് സാക്ഷിയായില്ലെങ്കിലും ആ തെറ്റിൽ തൃപ്തിയടയുന്നവനാണ്; എങ്കിലവൻ അതിന് സാക്ഷിയായവനെപ്പോലെയാണ്" (അബൂദാവൂദ്, അൽബാനി സ്വഹീഹെന്ന് സാക്ഷ്യപ്പെടുത്തിയത്).**

ഗൗരവാർഹമായ ഒരു യാഥാർഥ്യം ബോധ്യപ്പെടുത്തുന്ന, വളരെ ശ്രദ്ധയോടെ മനസ്സിലാക്കേണ്ട ഒരു ഹദീസാണിത്. ആരൊക്കെയോ എവിടെയൊക്കെയോ ചെയ്ത പാപങ്ങളുടെയും ക്രൂരതകളുടെയും തെറ്റുകളുടെയും പാപഫലത്തെ, അത് ചെയ്യാതെയോ അതിന് സാക്ഷിയാകാതെയോ പേറേണ്ടിവരുന്ന ഭയാനകമായ പരിണതിയെയാണ് ഈ ഹദീസിൽ നബി (സ) നമുക്ക് വശദീകരിച്ചു തരുന്നത്. മുസ്‌ലിം ഉമ്മത്തിലെ നേതാക്കളും സംഘടനകളും വ്യക്തികളും പോലും ഈ പാപഭാരം പേറുന്നതിൽനിന്നൊഴിവല്ല. എവിടെയും എപ്പോഴും ഒരു മുസ്‌ലിം സത്യത്തിനും നീതിക്കും സാക്ഷ്യം വഹിക്കേണ്ടവനാണ്. അസത്യത്തിനും അനീതിക്കും അക്രമത്തിനും കൂട്ടുനിൽക്കാനോ അതിനെ ഒരു വിധത്തിലും ന്യായീകരിക്കാനോ പാടുള്ളതല്ല; അത് തന്റെ സംഘടനക്കാരോ നേതാവോ കുടുംബക്കാരോ ആണെങ്കിൽ പോലും. അറിയാതെയാണെങ്കിൽ പോലും അതിനെ ന്യായീകരിക്കുകയാണെങ്കിൽ ആ പാപത്തിന്റെയും അക്രമത്തിന്റെയും പാപഫലം ഇയാളും അനുഭവിക്കേണ്ടിവരും. അതിനയാളെ പ്രേരിപ്പിക്കുന്നത് പക്ഷപാതിത്വമല്ലാതെ മറ്റൊന്നുമായിരിക്കുകയില്ല. അതാകട്ടെ തനി ജാഹിലിയ്യത്തും. ആധുനികകാലത്തെ കൊടും ഭീകരന്മാരായിരുന്ന സ്റ്റാലിൻ, മാവോ മുതലായവർ ചെയ്തുകൂട്ടിയിരുന്ന കൊടുംക്രൂരതകളെയും അക്രമങ്ങളെയും ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ ന്യായീകരിക്കുന്ന ആളുകളെ നാം മുസ്‌ലിം സമുദായത്തിൽ തന്നെ കാണുന്നില്ലേ? കൊലപാതകങ്ങളെയും അക്രമങ്ങളെയും അവർ ന്യായീകരിക്കുന്നതും അതിനെല്ലാം ക്ലീൻചിറ്റ് കൊടുക്കുന്നതും നാം കാണുന്നുണ്ട്. ജൂതന്മാർ തങ്ങളിലേക്കു വന്ന പ്രവാചകന്മാരെ വധിച്ചതടക്കം അവരുടെ മുൻഗാമികൾ ചെയ്തുകൂട്ടിയ പാപങ്ങളെയും അന്യായങ്ങളെയും ഇന്നും ന്യായീകരിക്കുന്നു. ഫാഷിസ്റ്റുകൾ ചെയ്തുകൂട്ടുന്ന കൊലപാതകങ്ങളെയും അക്രമങ്ങളെയും അതിന്റെ വക്താക്കൾ ചാനലിലും മറ്റും ന്യായീകരിക്കുന്നതും സത്യപ്പെടുത്തുന്നതും നാം നിരന്തരം കാണുന്നുണ്ടല്ലോ. മതനേതാക്കന്മാരും പണ്ഡിതന്മാരും സംഘടനകളും കൊണ്ടുനടക്കുന്നതും ചെയ്തുകൂട്ടുന്നതുമായ ഇസ്‌ലാംവിരുദ്ധ വിശ്വാസങ്ങളെയും ആരാധനകളെയും അത്യാചാരങ്ങളെയും ഒരു വിവരവുമില്ലാതെ ന്യായീകരിക്കുന്നതും അതിനു കൂട്ടുനിൽക്കുന്നതും കടുത്ത പാപമാണെന്നും അതിന്റെ പാപഫലത്തിൽ ഒട്ടും കുറയാതെ പരലോകത്ത് അനുഭവിക്കേണ്ടിവരുമെന്നും അങ്ങനെയുള്ളവർ മനസ്സിലാക്കിക്കൊള്ളട്ടെ.